## <u>ജൂൺ ഒന്നാം തിയ്യതി  മുതൽ പാലിക്കേണ്ട നിർദേശങ്ങൾ</u>

1. അധ്യാപകർ (അഡ്ഹോക് ഉൾപ്പെടെ ) അവരവരുടെ വിഷയങ്ങൾ ഓൺലൈൻ ആയി പഠിപ്പിക്കണം. വകുപ്പുമേധാവികൾ ടൈംടേബിൾ നൽകുന്നതാണ്.
2. ഓൺലൈൻ ആയി ഫയലുകൾ കൈകാര്യം ചെയ്യുന്ന ഓഫീസ് ജീവനക്കാർ ആയതു തുടരണം. അല്ലാത്തവർ അവരവരുടെ ജില്ലയിലെ കലക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുകയും ആ വിവരം ജൂൺ ഒന്നാം തിയ്യതി ഉച്ചക്ക് 12 മണിയോടെ ഇ1 സെക്ഷൻ ക്ലാർക്കിനെ അറിയിക്കുകയും ചെയ്യണം  (ഫോൺ: 9495761810).
3. ഈ നിർദേശങ്ങൾ മറ്റൊരറിയിപ്പുണ്ടാകുന്നത് വരെ തുടരുക.

കോളേജിന്റെ പരിസരത്തെ സ്ഥിതി  ഗുരുതരമാണെന്നറിയുന്നതു കൊണ്ടാണ് ഇത്തരത്തിൽ ഒരസാധാരണ നടപടി വേണ്ടി വന്നതെന്നറിയിക്കുന്നു. എല്ലാവരും  സഹകരിക്കുക

Principal



### ശ്രീകൃഷ്ണപുരത്ത്
# ആരോഗ്യവകുപ്പ് ജീവനക്കാരും ജനപ്രതിനിധികളും ക്വാറന്റൈനിൽ

**ശ്രീകൃഷ്ണപുരം ▸** ആരോഗ്യപ്രവർത്തകന് കോവിഡ് സ്ഥിരീകരിച്ച സാഹചര്യത്തിൽ മേഖലയിൽ കർശന നിയന്ത്രണമേർപ്പെടുത്തി. ശ്രീകൃഷ്ണപുരം കുടുംബാരോഗ്യ കേന്ദ്രം വെള്ളിയാഴ്ച രാവിലെ അണുവിമുക്തമാക്കിയശേഷമാണ് പ്രവർത്തനം തുടങ്ങിയത്.

ശ്രീകൃഷ്ണപുരം സ്വദേശിയായ ആരോഗ്യപ്രവർത്തകന്റെ കുട്ടി ശ്രീകൃഷ്ണപുരം ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ്ടു പരീക്ഷയെഴുതിയിരുന്നു. ഈ ഹാളിൽ 20 കുട്ടികളുണ്ടായിരുന്നു. ഇവരോട് വീടുകളിൽ നിരീക്ഷണത്തിൽ കഴിയാൻ സ്കൂൾ പി.ടി.എ. നിർദേശിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിനെ വിവരമറിയിച്ചിട്ടുണ്ട്.

ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറെയും 10 ആരോഗ്യവകുപ്പ് ജീവനക്കാരെയും നിരീക്ഷണത്തിലാക്കി. ഇതിൽ ഏഴു പേർ ഗവ. എൻജിനിയറിങ് കോളേജിലെ നിരീക്ഷണകേന്ദ്രത്തിലാണ്. പഞ്ചായത്ത് പ്രസിഡന്റുമുൾപ്പെടെ 14 ജനപ്രതിനിധികളെയും നിരീക്ഷണത്തിലാക്കി. ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ ജനപ്രതിനിധികളും ആരോഗ്യവകുപ്പ് ജീവനക്കാരും ക്വാറന്റൈനിലായത് ആശങ്കയുണ്ടാക്കിയിട്ടുണ്ട്.

വെള്ളിയാഴ്ച രണ്ടുപേർക്കാണ് ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ കോവിഡ് ബാധിച്ചത്. ഇതോടെ, ഇവിടെ കോവിഡ് ബാധിച്ചവരുടെ എണ്ണം ഒമ്പതായി.

ശ്രീകൃഷ്ണപുരത്തും കടമ്പഴിപ്പുറത്തും വില്ലേജോഫീസുകൾ അടഞ്ഞുകിടന്നു. ശ്രീകൃഷ്ണപുരം പഞ്ചായത്തിലും ഓഫീസ് പ്രവർത്തനങ്ങൾ നടന്നില്ല. ശ്രീകൃഷ്ണപുരം ഭവനസംഘം പ്രവർത്തനസമയം രണ്ടുമണിവരെയാക്കി ചുരുക്കി. പൊതുഗതാഗതം നിയന്ത്രിച്ചിരുന്നു. ആവശ്യവസ്തുക്കൾ വിൽക്കുന്ന കടകൾ മാത്രമാണ് തുറന്നത്.

ഒറ്റപ്പാലം സബ്കളക്ടർ അർജുൻ പാണ്ഡ്യൻ, ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം പഞ്ചായത്തുകളിൽ സന്ദർശനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തി. നിലവിൽ പഞ്ചായത്തുകളിൽ ശ്രീകൃഷ്ണപുരം പോലീസ് കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പോലീസിന്റെ നിർദേശങ്ങൾ പാലിക്കണമെന്നും വരും ദിവസങ്ങളിൽ കൂടുതൽ പരിശോധനകൾ നടത്തുമെന്നും എല്ലാ ഡിപ്പാർട്ട്മെന്റും സജ്ജരാണെന്നും ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും സബ്കളക്ടർ പറഞ്ഞു.

# ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. ഇ.എ-2/4127/20/ഡി.ടി.ഇ

തീയതി: 29.05.2020

Draft #24 of File EA2/4127/20/DTE Approved by Director (in-charge) on 29-May-2020 02:01 PM - Page 1

## പരിപത്രം 38/2020

വിഷയം:- വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - കോവിഡ് 19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാനത്ത് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. 21.05.2020 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ മേലെഴുത്ത്
2. 25.05.2020 ലെ എസ്.എസ്-1/91/2020/പൊ.ഭ.വ നമ്പർ സർക്കാർ പരിപത്രം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ക്ഡൌണുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2020 മെയ് 18 മുതൽ 31 വരെ നടപ്പാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. ലോക്ക്ഡൌൺ പ്രഖ്യാപിച്ചതിനുശേഷം ഓഫീസിൽ ഹാജരാകാൻ സാധിക്കാതിരുന്ന ജീവനക്കാർ, ജോലി ചെയ്യുന്ന ജില്ലയിൽ തുടർന്നും എത്തിപ്പെടാൻ സാധിക്കാത്ത പക്ഷം അതത് ജില്ലാ കളക്ടറുടെ മുമ്പിൽ റിപ്പോർട്ട് ചെയ്യുവാൻ ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ഇത്തരത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ എത്താനാകാതെ മറ്റ് ജില്ലകളിൽ കുടുങ്ങിപ്പോയിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ <u>ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ **01.06.2020- നു 5 മണിക്ക് മുൻപായി** eadtekerala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ</u> ലഭ്യമാക്കേണ്ടതാണ്.

| പേര് | തസ്തിക | ഫോൺ നം. | ജില്ല | തദ്ദേശസ്വയംഭരണസ്ഥാപനം |
|---|---|---|---|---|
| | | | | |

സംസ്ഥാനത്തെ ഹോട്ട്സ്പോട്ട് ഉൾപ്പെടെയുള്ള മേഖലകളിലെ സർക്കാർ ഓഫീസുകളും/ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള സൂചന (2) സർക്കാർ പരിപത്രം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് എല്ലാ സ്ഥാപനമേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

ഡോ. സിസ തോമസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. വകുപ്പിന് കീഴിലെ എല്ലാ ഓഫീസ് / സ്ഥാപന മേധാവികൾക്കും (വെബ്സൈറ്റ് മുഖേന)
2. കരുതൽ സഞ്ചയം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

കേരള സർക്കാർ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്-1/91/2020/പൊ.ഭ.വ. തീയതി, തിരുവനന്തപുരം 25.05.2020

**സർക്കുലർ**

വിഷയം :- പൊതുഭരണ വകുപ്പ് - കോവിഡ് -19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ- സംസ്ഥാനത്ത് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്

പരാമർശം:- 1. 22.04.2020 തീയതിയിലെ എസ്.എസ്-1/91/2020/പൊ.ഭ.വ.നമ്പർ സർക്കുലർ
2.18.05.2020 തീയതിയിലെ സ.ഉ. (കൈ.)നം. 99/2020/പൊ.ഭ.വ.

സംസ്ഥാനത്ത് കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ലോക്ക്ഡൗൺ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഹോട്ട്സ്പോട്ട് മേഖലകൾ നിശ്ചയിച്ച് ആരോഗ്യ-കുടുംബക്ഷേമ വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത മേഖലകളിൽ ഉൾപ്പെടെ വിവിധ ജില്ലകളിലെ സർക്കാർ ഓഫീസുകളും/സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ വിവിധ ഹോട്ട്സ്പോട്ടുകളിലെ ഓഫിസുകളിൽ അതത് ജില്ലയിലെ പരിമിത എണ്ണം ജീവനക്കാരെ ഉപയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളും/സ്ഥാപനങ്ങളും പൂർണ്ണമായും തുറന്നു പ്രവർത്തിക്കേണ്ടതാണ്.
3. ഹോട്ട്സ്പോട്ട് ഒഴികെയുള്ള പ്രദേശങ്ങളിൽ 50% ഉദ്യോഗസ്ഥർ സർക്കാർ ഓഫീസുകളിൽ ഹാജരാകേണ്ടതാണ്.
4. മറ്റ് ജില്ലകളിൽ അകപ്പെട്ടുപോയ ജീവനക്കാർക്ക് അവരവരുടെ ജില്ലകളിലേക്ക് മടങ്ങുവാനുള്ള KSRTC ബസ് സൗകര്യം അതാത് ജില്ലാ കളക്ടർമാർ ഒരുക്കേണ്ടതാണ്. ഇതിനായി വരുന്ന ഡീസൽ ചെലവ് SDRF-ൽ നിന്നും കണ്ടെത്തേണ്ടതും യാത്രക്കാരിൽ നിന്നും ഒരു നിശ്ചിത യാത്രാക്കൂലി ഈടാക്കേണ്ടതുമാണ്.
5. ഇത്തരത്തിൽ മടങ്ങിയെത്താൻ കഴിയാത്ത ജീവനക്കാർ അതത് ജില്ലാ കളകടർമാരുടെ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതും ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ അവിടെ തുടരേണ്ടതുമാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന ജീവനക്കാരെ ജില്ലാ കളക്ടർമാർക്ക് കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഉപയോഗിക്കുകയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവരുടെ സേവനം ലഭ്യമാക്കുകയോ ചെയ്യാം. ഇതിനുള്ള ക്രമീകരണം കളക്ടറേറ്റുകളിൽ ഒരുക്കേണ്ടതാണ്.
6. ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ഉൾപ്പെടുന്നവ ആണെങ്കിൽകൂടി സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, വകുപ്പ് മേധാവികളുടെ ഓഫീസുകൾ എന്നിവ ഖണ്ഡിക 3-ൽ വിശദീകരിച്ചിരിക്കുന്ന പൊതു മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.
7. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ടി ജീവനക്കാരുടെ സേവനം ആവശ്യമുണ്ടെങ്കിൽ അതിനുള്ള ആവശ്യം ജില്ലാ കളക്ടർമാരോട് തദ്ദേശസ്വയംഭരണസ്ഥാപനമേധാവികൾക്ക് നൽകാവുന്നതാണ്.
8. പ്രസ്തുത സേവനത്തിനു ശേഷം തിരികെ ഓഫീസിൽ പ്രവേശിക്കുമ്പോൾ ബന്ധപ്പെട്ട ഓഫീസിൽ നിന്നും ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും ജീവനക്കാർ ഇത്തരത്തിൽ ഡ്യൂട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ അത് അർഹതയുള്ള അവധിയായി പരിഗണിക്കുന്നതാണ്.

(.....2)

Draft #24 of File EA2/4127/20/DTE Approved by Director (in-charge) on 29-May-2020 02:01 PM - Page 2

9. അതത് വകുപ്പ് മേധാവികൾ ഇത്തരത്തിൽ മറ്റ് ജില്ലകളിൽ കുടുങ്ങിപ്പോയിട്ടുള്ള ജീവനക്കാരുടെ സമാഹൃതറിപ്പോർട്ട് മെയ് 30-നകം തയ്യാറാക്കേണ്ടതും താഴെക്കാണുന്ന പ്രൊഫോർമയിൽ അതത് ജില്ലാ കളക്ടർമാർക്ക് കൈമാറുകയും വേണം.

ഓഫീസിന്റെ പേര് :

| പേര് | തസ്തിക | ഫോൺ നം | ജില്ല | തദ്ദേശസ്വയംഭരണസ്ഥാപനം |
|---|---|---|---|---|
| | | | | |

10. ഓഫീസ് തിരിച്ചറിയൽകാർഡ് ഉപയോഗിച്ച് ജീവനക്കാർക്ക് അന്തർജില്ലാ യാത്രാനുമതി നൽകുന്നതിന് പോലീസ് വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്.
11. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഗർഭിണികൾ, അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള രക്ഷകർത്താക്കൾ, ഭിന്നശേഷിക്കാരായ/അംഗപരിമിതരുമായ കുട്ടികളുള്ള രക്ഷകർത്താക്കളായ ഉദ്യോഗസ്ഥർ എന്നിവരെ ഡ്യൂട്ടിയിൽ നിന്നും പരമാവധി ഒഴിവാക്കേണ്ടതാണ്.
12. ഇ-ഫയൽ പ്രോസസ് ചെയ്യുന്ന എല്ലാ ജീവനക്കാരും ഐടി വകുപ്പ്/ബന്ധപ്പെട്ട അധികാരികൾ വഴി VPN കണക്ടിവിറ്റി നേടേണ്ടതാണ്. ഇ-ഓഫീസ് വഴിയുള്ള ഫയൽ നീക്കം വകുപ്പ് തലവൻമാർ പരിശോധിക്കേണ്ടതും ആയതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. ഓഫീസ് തലവൻമാർ ഇതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട DDO മാർക്ക് മെയ് 30-നകം നൽകേണ്ടതാണ്.
13. മേൽപ്പറഞ്ഞ ക്രമീകരണങ്ങൾ അവശ്യ സേവനം നടത്തുന്ന വകുപ്പുകൾക്ക് ബാധകമല്ല. പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർ എല്ലാ ദിവസവും ഓഫീസിൽ ഹാജരാകേണ്ടതാണ്.
14. കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട 'ബ്രേക്ക് ദ ചെയിൻ' പരിപാടിയുടെ നടപടിക്രമങ്ങൾ ജോലിയിടങ്ങളിലും പൊതുസ്ഥലങ്ങളിലും കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഓഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

**കെ. ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/
പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് :
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #24 of File EA2/4127/20/DTE Approved by Director (in-charge) on 29-May-2020 02:01 PM - Page 3